MONDAY തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**09-08-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി **ഓണ സമൃദ്ധി 2021** എന്ന പേരിൽ 17-08-2021 മുതൽ 20-08-2021 വരെ സംസ്ഥാനത്തുടനീളം 2000 നാടൻ പഴം - പച്ചക്കറി കാർഷിക ചന്തകൾ സംഘടിപ്പിക്കുന്നു. ഈ കാർഷിക ചന്തകളിലൂടെ ഉത്തമ കൃഷി മുറയിലൂടെ ഉൽപാദിപ്പിച്ച പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 20 ശതമാനം അധിക വിലയ്ക്ക് സംഭരിയ്ക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 10 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും.

2. ജൈവകൃഷി സർട്ടിഫിക്കറ്റ് ലഭ്യമാക്കി ജൈവ ഉല്പന്നങ്ങൾ സർക്കാർ മുദ്രണത്തോടെ വിൽക്കുന്നതിനും വിവിധ ജൈവകൃഷി മാർഗ്ഗങ്ങളെ സംബന്ധിച്ച അറിവും പരിശീലനവും ലഭിക്കുന്നതിനുമായി കൃഷി വകുപ്പ് അപേക്ഷ ക്ഷണിച്ചു. ഇപ്പോൾ ജൈവകൃഷി ചെയ്തു കൊണ്ടിരിക്കുന്നവരോ, ജൈവ കൃഷിയിലേക്ക് മാറാൻ താൽപ്പര്യമുള്ളവരോ, തങ്ങളുടെ കൃഷിയിടത്തിന്റെ ഒരു ഭാഗം പരീക്ഷണാടിസ്ഥാനത്തിൽ ജൈവകൃഷി രീതിയിലേക്ക് മാറ്റാൻ താല്പര്യമുള്ളവരോ ആണ് അപേക്ഷിക്കേണ്ടത്. അപേക്ഷകന്റെ പേരിൽ സ്വന്തമായി കുറഞ്ഞത് 5 സെന്റ് സ്ഥലം എങ്കിലും ഉണ്ടായിരിക്കണം. അപേക്ഷയുടെ മാതൃക ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയുന്നതിനുമായി കൃഷി ഭവനുകളിൽ ബന്ധപ്പെടേണ്ടതാണ്.

3. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുത്പാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ എട്ടു രൂപ നിരക്കിൽ തിങ്കൾ , വ്യാഴം ദിവസങ്ങളിൽ ലഭ്യമാണെന്ന് പ്രൊഡക്ഷൻ മാനേജർ അറിയിച്ചു. കാടകുഞ്ഞുങ്ങൾ ലഭിക്കുന്നതിനായി 0479 2452277 , 9495805541 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

4. വിദ്യാഭ്യാസത്തോടൊപ്പം ഗ്രാമീണ കാർഷിക പരിചയം കൂടിയുള്ള പ്രൊഫഷണലുകളുടെ കൂട്ടായ്മ സൃഷ്ടിക്കുക ലക്ഷ്യമിട്ടുകൊണ്ട് കൃഷിവകുപ്പ് യുവതീയുവാക്കൾക്കായി കൃഷിഭവനുകളിൽ നൽകുന്ന ഇന്റേൺഷിപ്പിന് ആഗസ്റ്റ് മാസം 11 വരെ www.keralaagriculture.gov.in എന്ന വെബ്സൈറ്റ് വഴി

അപേക്ഷിക്കാം. 24-8-21 മുതൽ 26-8-21 വരെയുള്ള ദിവസങ്ങളിൽ ഇൻറർവ്യൂ നടത്തി ഇന്റേണുകളെ തെരഞ്ഞെടുക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

5. കേരളത്തിൽ പരമ്പരാഗതമായി നടന്നു വരുന്ന കാർഷികോത്സവമായ നിറപുത്തരി ആഘോഷത്തിന് ആവശ്യമായ നെൽക്കതിർ, കേരള കാർഷിക സർവകലാശാലയുടെ കീഴിൽ നെടുങ്കാട് സ്ഥിതിചെയ്യുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ (ഐ.എഫ്.എസ്.ആർ.എസ്.) ഒരു ചതുരശ്ര മീറ്ററിന് നൂറുരൂപ നിരക്കിൽ വിതരണത്തിനായി തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 0471-2343586 എന്ന ഫോൺ നമ്പരിൽ സ്ഥാപനവുമായി നേരിട്ട് ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ വൈറ്റില ആർ.എ.റ്റി.റ്റി.സി കർഷകർക്കായി **കാലാവസ്ഥാവ്യതിയാനവും വിള ആരോഗ്യവും** എന്ന വിഷയത്തിൽ ഇന്ന് (9-8-21 ന്) ഉച്ചതിരിഞ്ഞ് 2.30 ന് ഫേയ്സ്ബുക്ക് പരിശീലന പരിപാടി നടത്തുന്നു. https://www.facebook.com/RATTC-Training-104750708002716/ എന്ന ഫേസ്ബുക്ക് പേജിലൂടെ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0484-2703094** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

7. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ **"ഓമനമൃഗങ്ങളിലെ പ്രത്യുൽപ്പാദനവും അനുബന്ധരോഗങ്ങളും"** എന്ന വിഷയത്തിൽ ഇന്ന് (ആഗസ്റ്റ് 9 ന്) വൈകിട്ട് 5 മണിക്ക് ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ 9995213500 എന്ന ഐ ഡി ഉപയോഗിച്ച് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് 9446714462 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നാളെ (10.08.2021) വൈകിട്ട് 7 മണി മുതൽ **നാടൻ മത്സ്യങ്ങളുടെ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**09-08-2021**

**പ്രജനനരീതികൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. **സമേതി കേരളയുടെ** ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിവരങ്ങൾക്ക് 0471 - 2740440 / **9349482600** എന്നീ നമ്പരുകളിലോ sametikerala@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

9. തിരുവനന്തപുരം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (ആഗസ്റ്റ് 10-ന്) **കൂണിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ** എന്ന വിഷയത്തിൽ രാവിലെ 11 മണി മുതൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9400288040** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 13-ന് **വാഴയിലെ രോഗകീട നിയന്ത്രണം** 17-ന് **അക്വേറിയം നിർമ്മാണവും പരിചരണവും** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041** എന്ന നമ്പരിൽ ബന്ധപ്പെടുക.

11. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും ഈ മാസം 25 ന് **പശുക്കളിലെ വന്ധ്യത- കാരണങ്ങളും പ്രതിവിധിയും,** 27 ന് **ടർക്കി വളർത്തൽ** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0484-2631355 എന്ന ഫോൺ നമ്പരിൽ വിളിച്ചോ 9188522708 എന്ന വാട്സ് ആപ്പ് നമ്പരിൽ സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

12. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (10/08/2021 ന്) രാവിലെ 10.30 മണി മുതൽ കണ്ണൂർ ജില്ലയിലെ ക്ഷീര സംഘങ്ങളിലെ ലാബ് അസിസ്റ്റന്റുമാർ, പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാർ എന്നിവർക്ക് **"ഭക്ഷ്യ സുരക്ഷ നിയമം - 2006, പാൽ ഗുണനിലവാരത്തിന്റെ പ്രാധാന്യം, പരിശോധന ലാബ് സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ലാബിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ"** (http://meet.google.com/znk-audu-bsv) എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് **"പാൽ ഗുണനിലവാര പരിശോധന, രാസവസ്തുക്കളുടെ പ്രിപ്പറേഷൻ, ടെസ്റ്റിംഗ് ഉപകരണങ്ങളുടെ പ്രവർത്തനം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ"** (http://meet.google.com/rbw-uszi-vcd) എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം നടത്തുന്നു.